# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.560** **21.11.2019 ൽ മറുപടിക്ക്**

## കേരള സംസ്ഥാന ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.വി. ജോയി<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ജോർജ് എം. തോമസ് | ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വയനാട് തുരങ്കപാത സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) ആനക്കാം പൊയിൽ കള്ളാടി- മേപ്പാടി വയനാട് തുരങ്ക പാതയുടെ നിർമ്മാണത്തിനാവശ്യമായ വിശദമായ പഠനത്തിനും നിർമ്മാണത്തിനുമായി സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി) 684/2019/ പൊ.മ.വ തീയതി 31.05.2019 പ്രകാരം എസ്.പി.വി ആയി കൊങ്കൺ റെയിൽവെ കോർപ്പറേഷനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു പ്രാഥമിക പരിശോധന സൂപ്രണ്ടിംഗ് എഞ്ചിനീയർ, നോർത്ത് സർക്കിൾ, നിരത്ത് വിഭാഗം കോഴിക്കോടിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. |
| (ബി) 2400 കോടിയിലധികം രൂപ ചെലവഴിച്ച് ലോകബാങ്കിന്റെ ധനസഹായം കൂടി ഉപയോഗിച്ചു കൊണ്ടുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ; | (ബി) ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ട പദ്ധതിക്കായി മൊത്തം 2403 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കെ.എസ്സ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽ 10 പാക്കേജുകളും കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മാതൃക റോഡ് സുരക്ഷ ഇടനാഴിപദ്ധതിയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന കെ.എസ്സ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ ചെമ്മണ്ണാർ ഗ്യാപ്പ് റോഡും, പൈനാവ് - താന്നിക്കണ്ടം - അശോകകവല റോഡും, അടൂർ - |

ചെങ്ങന്നൂർ റോഡും 307.96 കോടി രൂപ ഉപയോഗപ്പെടുത്തി പുനർനിർമ്മിക്കുന്നതിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| (സി) കഴക്കൂട്ടം-അടൂർ അപകടരഹിത മാതൃകാ റോഡ് പദ്ധതി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലസിദ്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) മെയിൻ സെൻട്രൽ റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ 76% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തൈക്കോട് മുതൽ വെട്ടുറോഡ് വരെയുള്ള ഉപരിതല നവീകരണവും- അനുബന്ധ പ്രവൃത്തികളും അടൂർ ഹൈസ്കൂൾ ജംഗ്ഷൻ, പോത്തൻകോട്, കിളിമാനൂർ തുടങ്ങിയ ജംഗ്ഷനുകളുടെ നവീകരണം, എം.സി റോഡിലേക്കുള്ള സൈഡ് റോഡുകളിൽ ആവശ്യമായ സ്ഥലത്ത് ഗ്രേറ്റിംഗ്, 660 മീ ഓട, 2 കലുങ്കുകൾ, സോളാർ സ്ട്രീറ്റ് ലൈറ്റ്, മിനി മാസ്റ്റ് ലൈറ്റ്, സൈഡ് റോഡുകൾ, റോഡ് ഹമ്പ്, റോഡ് മാർക്കിംഗ്, സൈൻ ബോർഡ്, റോഡ് സ്റ്റഡ് ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പ്രവൃത്തികൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്. കേരള റോഡ് സേഫ്റ്റി അതോറിറ്റി പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം വിലയിരുത്തൽ നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | റിമാർക്സ് |
|---|---|---|---|
| UG-1 | കാസർഗോഡ് -കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) | 133.05 | പണി പൂർത്തീകരിച്ചു |
| UG-2 | പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (20.90.കി.മീ) | 118.29 | പണി പൂർത്തീകരിച്ചു |
| UG-4 | ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.40 കി.മീ) | 293.58 | പണി പൂർത്തീകരിച്ചു |
| UG-5 | ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് ( 40.96 കി.മീ) | 171.49 | പണി പൂർത്തീകരിച്ചു |
| UG-6 | പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ) | 227.13 | പണി പൂർത്തീകരിച്ചു |
| UG-7 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ) | 8.11 | പണി പൂർത്തീകരിച്ചു |
| UG-3A | തലശ്ശേരി - കളറോഡ് (28.80 കി.മീ) | 156.34 | 58.75% പണികൾ പൂർത്തീകരിച്ചു |
| UG-3B | കളറോഡ്-വളവുപാറ റോഡ് (25.20 കി.മീ) | 209.68 | 80%പണികൾ പൂർത്തീകരിച്ചു |
| UG-4A | തിരുവല്ല ബൈപ്പാസ് ( 2.3 കി.മീ) | 37.04 | 22.7%പണികൾ പൂർത്തീകരിച്ചു |
| UG-4B | തിരുവല്ല ഠൗൺ (1.90 കി.മീ) | 7.77 | 23.8%പണികൾ പൂർത്തീകരിച്ചു |
| | സേഫ് കോറി ഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി- കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിന്റെ ബി.സി ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80 കി.മീ) | 146.63 | 76% പണികൾ പൂർത്തീകരിച്ചു |
| UG-8A | പുനലൂർ മുതൽ പൊൻകുന്നം വരെ റോഡ് പുനരുദ്ധാരണം -പാക്കേജ് 8 എ – പുനലൂർ മുതൽ കോന്നി വരെ ( 29.84 കി.മീ) | 226.61 | ടെൻഡർ മൂല്യനിർണ്ണയം പൂർത്തീകരിച്ചു. കരാർ നൽകുന്നതിനുള്ള അവലോകനം നടന്നുവരുന്നു. |
| UG-8B | പുനലൂർ മുതൽ പൊൻകുന്നം വരെ റോഡ് പുനരുദ്ധാരണം -പാക്കേജ് 8 ബി – കോന്നി മുതൽ പ്ലാച്ചേരി വരെ (30.16 കി.മീ) | 279 | കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിച്ചു |
| UG-8C | പുനലൂർ മുതൽ പൊൻകുന്നം വരെ റോഡ് പുനരുദ്ധാരണം -പാക്കേജ് 8 സി – പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ (22.17 കി.മീ) | 248.62 | കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിച്ചു |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ദൈർഘ്യം (കി.മീ) | കരാർ തുക (കോടി) | നിലവിലെ പുരോഗതി |
|---|---|---|---|---|
| 1 | അടൂർ-ചെങ്ങന്നൂർ റോഡ് | 21.23 | 93.59 (എസ്റ്റിമേറ്റ് തുക) | ദർഘാസുകളുടെ മൂല്യ നിർണ്ണയം പൂർത്തിയായി. കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിച്ചു വരുന്നു. |
| 2 | പൈനാവ് - തണ്ണിക്കണ്ടം - അശോകകവല റോഡ് | 21 | 86.82 (എസ്റ്റിമേറ്റ് തുക) | ദർഘാസുകളുടെ മൂല്യ നിർണ്ണയം പൂർത്തിയായി. കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | ചെമ്മണ്ണാർ ഗ്യാപ് റോഡ് | 19.45 | 127.55 (എസ്റ്റിമേറ്റ് തുക) | ദർഘാസിന്റെ സാങ്കേതിക മൂല്യനിർണ്ണയം നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**